സംസ്ഥാനത്തെ കയർ സഹകരണ സംഘങ്ങൾ

108 [391] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര കയർ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്;

(ബി) ഇവയിൽ എല്ലാംകൂടി ആകെ എത്രപേർ കയർ പിരിക്കലിലും പായ ഉൽപ്പാദനത്തിലുമായി ജോലി ചെയ്തുവരുന്നുണ്ട് എന്ന് അറിയിക്കാമോ;

(സി) കഴിഞ്ഞ രണ്ടു വർഷങ്ങളിൽ പുതുതായി കയർ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര സംഘങ്ങൾ എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 464 സംഘങ്ങൾ.

(ബി) സംസ്ഥാനത്തെ കയർ സഹകരണ മേഖലയിൽ 274,233 രജിസ്ട്രേഡ് തൊഴിലാളികൾ ഉണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

രാജീവ് ഗാന്ധി മെമ്മോറിയൽ കയർ തൊഴിലാളി വൃദ്ധസദനം

109 [392] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ് ഗാന്ധി മെമ്മോറിയൽ കയർ തൊഴിലാളി വൃദ്ധസദനം എന്നു മുതൽ പ്രവർത്തനം ആരംഭിച്ചുവെന്നും നിലവിൽ ഇവിടെ എത്ര അന്തേവാസികൾ ഉണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനത്തിൽ ആകെ അനുവദിക്കപ്പെട്ട തസ്തികകൾ എത്ര യെന്നും ഇപ്പോൾ ഉള്ള ജീവനക്കാർ എത്രയെന്നും വെളിപ്പെടുത്തുമോ;

(സി) ഈ സ്ഥാപനം സാമൂഹ്യക്ഷേമവകുപ്പിന് കൈമാറാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) രാജീവ് ഗാന്ധി മെമ്മോറിയൽ കയർ തൊഴിലാളി വൃദ്ധസദനം 13-5-1995-ൽ പ്രവർത്തനം ആരംഭിച്ചു. ഇവിടെ 13 അന്തേവാസികൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സ്ഥാപനത്തിൽ ആകെ 5 തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ 4 ജീവനക്കാരുണ്ട്.

(സി) ഈ സ്ഥാപനം സാമൂഹ്യക്ഷേമവകുപ്പിന് കൈമാറാൻ ആലോചിക്കുന്നുണ്ട്.

സംസ്ഥാന വനം ബിൽ

110 [393] ശ്രീ. സി. കെ. നാണു :

ഡോ. എ. നീലലോഹിതദാസൻ നാടാർ :

ശ്രീ. എ. സി. ഷൺമുഖദാസ് :

,, കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വനം ബിൽ ഗവർണ്ണർ ഒപ്പിടാതെ തിരിച്ചയച്ചുവോ;

(ബി) എങ്കിൽ എന്ത് കാരണം പറഞ്ഞാണ് ബിൽ തിരിച്ചയച്ചത്;

(സി) ഇത് സംബന്ധിച്ച് എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഇത് സംബന്ധിച്ച് മുൻ ഗവൺമെന്റ് പുറപ്പെടുവിച്ച ഓർഡിനൻസ് അതേപടി നിയമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) 2001-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂ പ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർത്തൃത്വം നടത്തിപ്പും) ബിൽ ഗവർണ്ണർ പ്രസിഡന്റിന്റെ പരിഗണനയ്ക്കായി റിസർവ് ചെയ്തിട്ടുണ്ട്.

(സി ആന്റ് ഡി) ചോദ്യം ഉദിക്കുന്നില്ല.

2003-ലെ കേരള വനം ബിൽ

111 [394] ശ്രീ. ടി. കെ. ദേവകുമാർ :

,, വി. കെ. ചന്ദ്രൻ :

,, രാജു എബ്രഹാം :

,, പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 ആഗസ്റ്റിൽ നിയമസഭ പാസാക്കിയ കേരള വനം (പരിസ്ഥിതിപരമായി ദുർബലമായ പ്രദേശങ്ങൾ സർക്കാരിൽ നിക്ഷിപ്തമാക്കൽ) ബിൽ ഗവർണ്ണർ തിരിച്ചയച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly